LIBRARY ARCHIVES Kerala Legislative Assembly

## സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ പെൻഷൻ

77 [1402] *ശ്രീ. സാജു പോൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് ഇപ്പോൾ ഏതൊക്കെ തരത്തിലുള്ള പെൻഷനാണ് നിലനിൽക്കുന്നത്;

(ബി) ഇ. പി. എഫ്. സ്കീമിൽ ചേർന്നിട്ടുള്ളവർക്ക് തുച്ഛമായ പെൻഷൻ മാത്രമേ നൽകുന്നുള്ളൂവെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സഹകരണമേഖലയിൽ ഏകീകൃത പെൻഷൻ വേണമെന്ന ആവശ്യം സർക്കാർ പരിഗണിക്കുമോ;

(ഡി) ഇതുവരെ പെൻഷൻ ലഭിക്കാത്ത ജീവനക്കാർക്ക് മിനിമം പെൻഷൻ നൽകാൻ നടപടി സ്വീകരിക്കുമോ;

(ഇ) പെൻഷൻ നൽകുന്നതിലെ കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സഹകരണ സംഘങ്ങളിൽനിന്ന് വിരമിച്ച ജീവനക്കാർക്ക് ഇപ്പോൾ നാല് തരത്തിലുള്ള പെൻഷനാണ് നിലവിലുള്ളത്:

(i) സൂപ്പർആനുവേഷൻ പെൻഷൻ

(ii) റിട്ടയറിംഗ് പെൻഷൻ

(iii) ഫാമിലി പെൻഷൻ

(iv) ഇൻവാലിഡ് പെൻഷൻ

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പരിശോധിക്കാവുന്നതാണ്.

(ഡി) ചോദ്യം വ്യക്തമല്ല.

(ഇ) പെൻഷൻ നൽകുന്നതിലെ കാലതാമസം ഒഴിവാക്കാൻ എല്ലാ സഹകരണ സംഘങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## കേരള കോ-ഓപ്പറേറ്റീവ് ഡവലപ്മെന്റ് ആന്റ് വെൽഫയർ ബോർഡിൽ അംഗങ്ങളായ സഹകരണ സംഘങ്ങൾ

78 [1403] *ശ്രീ. സി. പി. മുഹമ്മദ്:*

,, *കെ. മുഹമ്മദാലി:*

,, *കെ. എ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കോ-ഓപ്പറേറ്റീവ് ഡവലപ്മെന്റ് ആന്റ് വെൽഫയർ ബോർഡിൽ ഇതുവരെ ഏതെല്ലാം ഗണത്തിൽപ്പെട്ട എത്ര സഹകരണ സംഘങ്ങൾ അംഗങ്ങളായിട്ടുണ്ട്;

(ബി) ഇതിൽ അംഗങ്ങളാകുന്ന സഹകരണ സംഘങ്ങൾ നൽകേണ്ട വിഹിതം എത്രയാണ്;

(സി) ഈ തുക ഉപയോഗിച്ച് എന്തെല്ലാം ക്ഷേമപ്രവർത്തനങ്ങളാണ് നടത്തിവരുന്നത്?

**ഉത്തരം**

(എ) കേരള കോ-ഓപ്പറേറ്റീവ് ഡവലപ്മെന്റ് ആന്റ് വെൽഫയർ ബോർഡിൽ നാളിതുവരെ 245 സഹകരണ സംഘങ്ങൾ അംഗങ്ങളായിട്ടുണ്ട്. അവയുടെ ഗണം തിരിച്ച വിവരം താഴെ ചേർക്കുന്നു:

| | *ഗണം* | *സംഘങ്ങളുടെ എണ്ണം* |
|---|---|---|
| 1. | അപ്പക്സ് (സംസ്ഥാന സഹകരണ ബാങ്ക്) | 1 |
| 2. | കേന്ദ്രസംഘം (ജില്ലാ സഹകരണ ബാങ്കുകൾ) | 13 |
| 3. | പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങൾ/ ബാങ്കുകൾ | 190 |
| 4. | എംപ്ലോയീസ് സഹകരണ സംഘങ്ങൾ | 18 |
| 5. | പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ | 1 |
| 6. | കൺസ്യൂമർ സഹകരണ സംഘങ്ങൾ | 1 |
| 7. | മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ | 2 |
| 8. | പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ | 3 |
| 9. | വനിതാ സഹകരണ സംഘങ്ങൾ | 5 |
| 10. | ഹൗസിംഗ് സഹകരണ സംഘങ്ങൾ | 6 |
| 11. | പലവക സഹകരണ സംഘങ്ങൾ | 5 |
| | **ആകെ** | **245** |

(ബി) കേരള സഹകരണ ക്ഷേമവികസന പദ്ധതിയിൽ അംഗങ്ങളാകുന്ന അപ്പെക്സ്/കേന്ദ്ര സഹകരണ സംഘങ്ങൾ അവയുടെ പ്രവർത്തനമൂലധനതുകയുടെ 1000 രൂപയ്ക്ക് 2 രൂപ എന്ന നിരക്കിൽ പരമാവധി 2 ലക്ഷം രൂപ പ്രാഥമിക വിഹിതമായും പ്രാഥമിക വിഹിത തുകയുടെ 10 ശതമാനം തുടർന്നുള്ള ഓരോ വർഷങ്ങളിലും വാർഷിക പുതുക്കൽ വിഹിതമായും അടയ്ക്കേണ്ടതുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതിയിൽ അംഗമാകുന്ന പ്രാഥമിക സഹകരണ സംഘങ്ങൾ അവയുടെ പ്രവർത്തനമൂലധന തുകയുടെ 1000 രൂപയ്ക്ക് 1 രൂപ എന്ന നിരക്കിൽ പരമാവധി 1 ലക്ഷം രൂപ പ്രാഥമികവിഹിതമായും, പ്രാഥമിക വിഹിത തുകയുടെ 5 ശതമാനം തുടർന്നുള്ള ഓരോ വർഷങ്ങളിലും വാർഷിക പുതുക്കൽ വിഹിതമായും അടയ്ക്കേണ്ടതാണ്.

(സി) ഈ തുക അറ്റനഷ്ടത്തിലും ആസ്തിശോഷണത്തിലും പ്രവർത്തിക്കുന്ന അംഗസംഘങ്ങളുടെ പുനരുദ്ധാരണപദ്ധതിക്കും മറ്റുള്ള അംഗസംഘങ്ങളുടെ വികസനപ്രവർത്തനങ്ങൾക്കുമായിട്ടാണ് വിനിയോഗിക്കുന്നത്. പുനരുദ്ധാരണ പദ്ധതിയിൻകീഴിൽ മൃദുവായ്പയായും സബ്സിഡിയായും ധനസഹായം അനുവദിച്ച് ഒരു നിശ്ചിത കാലഘട്ടത്തിനുള്ളിൽ കാര്യക്ഷമമായ പ്രവർത്തനങ്ങളിലൂടെ ഓരോ അംഗസംഘങ്ങളുടെയും അറ്റനഷ്ടം പരിഹരിച്ച് സുശക്തമായ നിലയിൽ എത്തിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

**തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിലെ ഒഴിവുകൾ**

79 [1404] *ശ്രീ. തമ്പാനൂർ രവി*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലാ സഹകരണബാങ്കിൽ ഇനി നികത്താനുള്ള ക്ലാർക്ക്-കം-കാഷ്യർ ഒഴിവുകൾ എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഒഴിവുകൾ പി. എസ്. സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 7 ഒഴിവുകൾ ഉണ്ട്.

(ബി) ഇല്ല.

(സി) തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കിവരുന്നതിനാൽ 68 ക്ലാർക്ക്/കാഷ്യർ തസ്തികകൾ അധികരിക്കപ്പെടുന്നുവെന്ന് കണ്ടെത്തിയിട്ടുള്ളതിനാലും നിലവിലുള്ള മാനേജർ തസ്തികകളിലെ 25% ഒഴിവുകളിലേക്ക് പി. എസ്. സി.വഴി നേരിട്ട് നിയമനം നടത്തുന്ന മുറയ്ക്ക് തരംതാഴ്ത്തലുകൾ വരുമെന്നതിനാലും നിലവിലുള്ള ക്ലാർക്ക്/കാഷ്യർ

LIBRARY ARCHIVES Kerala Legislative Assembly